# തിരുക്കുടുംബ നൊവേന



തിരുക്കുടുംബ ഫൊറോനാ ദൈവാലയം

പൊൻകുന്നം



ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

# തിരുക്കുടുംബ നൊവേന



## തിരുക്കുടുംബ ഫൊറോനാ ദൈവാലയം

പൊൻകുന്നം – 686 506

# Thirukkudumba Novena

*(For private use only)*

*Second Edition : 26th January 2016*

Prepared by : **Fr. Joseph Vellamattam**

Imprimatur : **Mar Mathew Arackal**

(Bishop of Kanjirapally)

Published on : 27th December 2015

Printed by : Holy Family Forane Church

Ponkunnam

*Rights Reserved*

# തിരുക്കുടുംബ നൊവേന

ഒന്നേകാൽ നൂറ്റാണ്ട് മുമ്പ് കാഞ്ഞിരപ്പള്ളി പഴയപള്ളി ഇടവക വിഭജിച്ചാണ് പൊൻകുന്നം ഇടവക സ്ഥാപിതമായത്. അക്കരയമ്മയുടെ ഭക്തരായിരുന്ന പൊൻകുന്നത്തെ പൂർവ്വികർക്ക് ഈശോയും മാതാവും യൗസേപ്പിതാവുമുള്ള തിരുക്കുടുംബത്തിന്റെ നാമത്തിൽ പുതിയ ഇടവക ലഭിച്ചു. പൊൻകുന്നത്തിന്റെ പ്രകാശഗോപുരമായി തിരുക്കുടുംബ ദൈവാലയം പ്രശോഭിക്കുന്നു. ദിവ്യകുടുംബത്തിന്റെ മാദ്ധ്യസ്ഥ്യം അനേകർക്ക് ആശ്വാസമരുളുന്നു.

പാപം മൂലം പറുദീസായിലെ ആദ്യകുടുംബത്തിന് നഷ്ടമായത് ബന്ധങ്ങളാണ്. ദൈവമായ കർത്താവിന്റെ ചോദ്യത്തിനു മുമ്പിൽ പുരുഷൻ തന്റെ ഭാര്യയെ കുറ്റപ്പെടുത്തി. അവളാകട്ടെ സർപ്പമാണ് ചതിച്ചതെന്ന് ആരോപിച്ചു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം ശിഥിലമായപ്പോൾ മനുഷ്യനും മനുഷ്യനും തമ്മിൽ അകന്നു. മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധവും ഉലഞ്ഞു.

നഷ്ടപ്പെട്ട ബന്ധങ്ങൾ പുന:സ്ഥാപിക്കാനാണ് ദൈവം മനുഷ്യനായി അവതരിച്ചത്. യൗസേപ്പും മറിയവും ഈശോയും ചേർന്ന തിരുക്കുടുംബം ഭൂമിയിലെ ഏറ്റവും സന്തുഷ്ടമായ കുടുംബമാണ്. ഈശോയിൽ ഒന്നിക്കുന്ന ഓരോ കുടുംബവും തിരുക്കുടുംബം പോലെ അനുഗൃഹീതമാകും.

സമാധാനവും ഐശ്വര്യവുമുള്ള കുടുംബജീവിതം തന്നനുഗ്രഹിക്കുന്നതിനെയോർത്ത് നാം നിത്യവും ദൈവത്തിന് നന്ദിപറയുകയും ഈ അനുഗ്രഹങ്ങൾ എന്നും നിലനിൽക്കുന്നതിന് തിരുക്കുടുംബത്തിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുകയും വേണം. പ്രയാസങ്ങളിലും പ്രതിസന്ധികളിലും തകരാതെ തിരുക്കുടുംബത്തെ ദൈവം എങ്ങനെയെല്ലാം പരിപാലിച്ചുവെന്നും അതിലെ അംഗങ്ങൾ എങ്ങനെ ദൈവതിരുമനസ്സ് നിറവേറ്റി ജീവിച്ചുവെന്നും നാം കണ്ടുപഠിക്കേണ്ടതുണ്ട്. വിവിധങ്ങളായ പ്രശ്നങ്ങളാൽ അസ്വസ്ഥരും ആകുലരുമായി കഴിയുന്നവർക്ക് തിരുക്കുടുംബത്തിന്റെ മാദ്ധ്യസ്ഥ്യത്താൽ സമാധാനവും സന്തോഷവും വീണ്ടെടുക്കാനാകും. അനാരോഗ്യം, ദാരിദ്ര്യം, തൊഴിലില്ലായ്മ, വിവാഹതടസ്സം, സാമ്പത്തിക പ്രശ്നങ്ങൾ, വിദ്യാഭ്യാസപരമായ പ്രശ്നങ്ങൾ, കുടുംബത്തിലെ സ്വരച്ചേർച്ചയില്ലായ്മ, പൈശാചിക പ്രലോഭനങ്ങൾ, തഴക്കദോഷങ്ങൾ തുടങ്ങി കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലുമുള്ള പ്രശ്നങ്ങൾ മറികടക്കുവാൻ തിരുകുടുംബത്തിന്റെ സഹായം തേടാം.

എന്റെ നാമത്തിൽ ചോദിക്കുന്നതെല്ലാം സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നിങ്ങൾക്ക് തരും എന്നരുൾചെയ്ത ഈശോയുടെ ഉറപ്പും കാനായിലെ കല്യാണവിരുന്നിൽ ആതിഥേയന്റെ ഹൃദയവ്യഥ മനസ്സിലാക്കി പുത്രനോടുണർത്തിച്ച് പ്രതിവിധി കണ്ട പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യശക്തിയും തിരുക്കുടുംബ പാലകനായ വിശുദ്ധ യൗസേപ്പിന്റെ സംരക്ഷണവും നമുക്ക് എന്നും തുണയായിരിക്കട്ടെ.

## പ്രാരംഭഗാനം

*(നിത്യസഹായമാതേ........ എന്ന രീതി)*

നീതിമാൻ മാർ യൗസേപ്പേ
കന്യകാ മേരി, തായേ-
ദിവ്യനാമുണ്ണിയീശോ!
ഞങ്ങളെ കാത്തിടണേ...

സ്വർഗ്ഗീയ ശോഭ തൂകും
തിരുക്കുടുംബത്തിന്റെ
കൃപയുമനുഗ്രഹവും
ഞങ്ങൾക്കു തുണയാകണേ...
(നീതിമാൻ.....)

മണ്ണിൽ വിരിഞ്ഞ സ്വർഗ്ഗം
വിണ്ണിൽ വിളങ്ങും ദീപം
നന്മനിറഞ്ഞ ഗേഹം
വാഴ്ക, തിരുക്കുടുംബം. (നീതിമാൻ....)

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങ യുടെ തിരുക്കുമാരനെ മനുഷ്യവർഗ്ഗത്തിന്റെ നവീ

കരണത്തിനും രക്ഷയ്ക്കും വേണ്ടി ഞങ്ങൾക്ക് നല്കിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദിപറയുന്നു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ മിശിഹായ്ക്ക് ജന്മം നല്കിയ പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്ക് മാതാവായിത്തന്ന അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. രക്ഷകനായ ഈശോയുടെ വളർത്തുപിതാവും സംരക്ഷകനുമായി വിശുദ്ധ യൗസേപ്പിനെ തിരഞ്ഞെടുത്തതിന് ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. നസ്രസിൽ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന ഈശോയെ മാതൃകയാക്കുന്ന ഞങ്ങൾ തിരുക്കുടുംബത്തിന്റെ മദ്ധ്യസ്ഥതയിൽ അങ്ങയിൽ ആശ്രയിക്കുന്നു. കരുണാപൂർവ്വം ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് ഞങ്ങളെയും ഞങ്ങളുടെ കുടുംബങ്ങളെയും അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും,

**സമൂ:** ആമ്മേൻ

**കാർമ്മി:** കർത്താവിന്റെ വഴിയിലൂടെ നടക്കുകയും അവിടുത്തെ ഭയപ്പെടുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാകുന്നു. കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം നിഷ്ഫലമാകുന്നു.

**സമൂ:** കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാരുടെ ഉറക്കൊഴിവും നിഷ്ഫലമാകുന്നു.

**കാർമ്മി :** ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ **(സമൂഹവും ചേർന്ന്)** മർത്യനായി പിറന്ന് / നസ്രസ്സിലെ ദിവ്യകുടുംബത്തിൽ/ മറിയത്തിനും യൗസേപ്പിനും വിധേയനായി വളർന്ന് /കുടുംബജീവിതത്തിന്റെ മാഹാത്മ്യം/ഞങ്ങളെ പഠിപ്പിച്ച ഈശോയേ, അങ്ങയെ മാതൃകയാക്കുന്ന /ഞങ്ങളുടെ കുടുംബങ്ങളിൽ/ശാന്തിയും സമാധാനവും പുലർത്തണമെ. ദാരിദ്ര്യവും രോഗവും/ക്ലേശവും ബുദ്ധിമുട്ടുകളും അകറ്റണമെ. പരസ്പര വിശ്വാസവും സഹകരണവും/സർവ്വോപരി സ്നേഹവും/ഞങ്ങളുടെ കുടുംബങ്ങളിൽ നിറയ്ക്കേണമേ. ശത്രുത, കുറ്റാരോപണം/ വിദ്വേഷം, അസൂയ /തുടങ്ങിയ തിന്മകളിൽ നിന്ന് /ഞങ്ങളുടെ ഹൃദയങ്ങളെ അകറ്റണമെ. പ്രലോഭനങ്ങളിൽ ഉൾപ്പെടാതെയും/ മൂല്യങ്ങളിൽനിന്ന് വ്യതിചലിക്കാതെയും/സന്തോഷങ്ങളിൽ മതിമറക്കാതെയും/ദു:ഖങ്ങളിൽ പതറിപ്പോകാതെയും/ഞങ്ങളെ പരിപാലിക്കണമെ. തിരുക്കുടുംബത്തിന്റെ സ്മരണ/ ഞങ്ങൾക്ക് ശക്തിപകരട്ടെ. തിരുക്കുടുംബത്തിന്റെ കൃപ/ഞങ്ങൾക്ക് രക്ഷാകവചമായിരിക്കട്ടെ. തിരുക്കുടുംബത്തിന്റെ അനു

ഗ്രഹം/ ഞങ്ങൾക്ക് വറ്റാത്ത ഉറവയായിരിക്കുകയും ചെയ്യട്ടെ. ആമ്മേൻ.

**കാർമ്മി:** ആഹാരത്തിനുവേണ്ടി നിങ്ങൾ പണിപ്പെടുമ്പോൾ നേരത്തെ ഉണരുന്നതുകൊണ്ടോ താമസിച്ചുറങ്ങുന്നതുകൊണ്ടോ ഫലമില്ല. തനിക്ക് പ്രിയപ്പെട്ടവർ ഉറങ്ങുമ്പോഴും കർത്താവ് അവർക്ക് വിഭവങ്ങൾ നല്കുന്നു.

**സമൂഹം :** സന്താനങ്ങൾ കർത്താവിന്റെ ദാനമാകുന്നു. ഉദരഫലങ്ങൾ അവിടുത്തെ അനുഗ്രഹമാകുന്നു.

**കാർമ്മി :** ജ്ഞാനത്തിലും പ്രായത്തിലും **(സമൂഹവും ചേർന്ന്)** ദൈവത്തിന്റെയും മനുഷ്യരുടെയും/ സംപ്രീതിയിൽ വളർന്നുവന്ന/ തിരുക്കുടുംബത്തിലെ ഉണ്ണീശോയേ, ഞങ്ങളുടെ എല്ലാ കുഞ്ഞുമക്കളെയും/അങ്ങയുടെ സന്നിധിയിൽ/സ്നേഹപൂർവ്വം ഞങ്ങൾ സമർപ്പിക്കുന്നു. അവർ മാതാപിതാക്കളെ അനുസരിച്ചും ബഹുമാനിച്ചും/വളർന്നുവരുവാൻ കൃപ നല്കണമെ. മാതാപിതാക്കളാൽ അവഗണിക്കപ്പെട്ടും ഉപേക്ഷിക്കപ്പെട്ടും/ഭവനങ്ങളിലും അനാഥമന്ദിരങ്ങളിലും കഴിയുന്ന/ എല്ലാ കുഞ്ഞുങ്ങളെയും ബാലികാബാലന്മാരേയും/തിരുക്കുടുംബത്തിന്റെ പ്രത്യേക സംരക്ഷണത്തിൽ വളർത്തണമെ.

ദൈവവചനം ഹൃദയത്തിൽ ഗ്രഹിച്ചും/ഉദരത്തിൽ വഹിച്ചും ജീവിതത്തിൽ പാലിച്ചും/തിരുക്കുടുംബത്തെ സമാധാനത്തിലും സന്തോഷത്തിലും നയിച്ച പരിശുദ്ധ അമ്മേ/ അങ്ങ് ഉണ്ണീശോയെ വളർത്തിയതുപോലെ/ദൈവികകാര്യങ്ങളിൽ താല്പര്യവും/സുകൃതങ്ങളിൽ തീഷ്ണതയുമുള്ളവരായി/ മക്കളെ വളർത്തുവാൻ/ഞങ്ങളുടെ അമ്മമാരെ സഹായിക്കണമെ. ഭർത്താവിന്റെ സംരക്ഷണവും/ മക്കളുടെ സ്നേഹവും ലഭിക്കാതെ /ക്ലേശിക്കുന്ന അമ്മമാർക്ക്/ആശ്വാസം പകരണമെ. ഏലീശ്വായുടെ അടുക്കലേയ്ക്കും/കാനായിലെ ഭവനത്തിലേയ്ക്കുമെന്നപോലെ/ബുദ്ധിമുട്ടിലും ദു:ഖത്തിലും കഴിയുന്നവരുടെ പക്കൽ കടന്നുവന്ന് /അമ്മ അവരെ ആശ്വസിപ്പിക്കണമെ.

ഹൃദയത്തിലും ജീവിതത്തിലും /സംശയത്തിന്റെ നീഴൽവീശിയപ്പോൾ/ ദൈവഹിതമാരായുകയും/ മാനുഷിക നിയമങ്ങളും സ്വാർത്ഥചിന്തകളും മറികടന്ന്/പരിശുദ്ധ കന്യകയെ ഹൃദയപൂർവ്വം സ്വീകരിക്കുകയും ചെയ്ത/മാർ യൗസേപ്പേ, ക്ലേശങ്ങളിൽ ആശ്വാസവും/ഉത്കണ്ഠകളിൽ സമചിത്തതയും/ സംശയങ്ങളിൽ വിവേകവും/ ഞങ്ങൾക്ക് നല്കണമെ. ദിവ്യശിശുവിനുവേണ്ടി ഭവനം അന്വേഷിച്ചും/

അവിടുത്തെ രക്ഷിക്കുവാൻ വേണ്ടി ഒളിച്ചോടിയും/ തീറ്റിപ്പോറ്റുവാൻവേണ്ടി മരപ്പണിചെയ്തും/രാപകൽ അദ്ധ്വാനിച്ച വിശുദ്ധ യൗസേപ്പിതാവേ, തിന്മ നിറഞ്ഞ സാഹചര്യങ്ങളിൽനിന്നും/ മക്കളെ അകറ്റിനിർത്തി/ നന്മയുടെ വഴിയിലൂടെ അവരെ നയിക്കുവാനും/ കുടുംബാംഗങ്ങൾ എല്ലാവരേയും/ദൈവാശ്രയബോധത്തിൽ വളർത്തുവാനും /മദ്യം, മയക്കുമരുന്ന്, പുകവലി /തുടങ്ങിയ ദുശ്ശീലങ്ങളിൽനിന്ന് മോചിതരാകുവാനും/കുടുംബനാഥന്മാരെ സഹായിക്കണമേ. ആമ്മേൻ.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

**സമൂ:** ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

**കാർമ്മി:** ഈശോ മറിയം യൗസേപ്പേ **(സമൂഹവും ചേർന്ന്)** എല്ലാ കുടുംബങ്ങളെയും/ തിരുക്കുടുംബത്തിന്റെ പ്രത്യേക സംരക്ഷണത്തിന്/ഞങ്ങൾ സമർപ്പിക്കുന്നു. പരസ്പര സ്നേഹം പകർന്നുകൊണ്ട്/പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹം/ലോകത്തിനു വെളിപ്പെടുത്തിയ തിരുക്കുടുംബമേ, ഞങ്ങളുടെ കുടുംബങ്ങളും/ദൈവസ്നേഹത്തിന് സാക്ഷ്യം വഹിക്കുന്ന /ഭവനങ്ങളായി മാറട്ടെ. തിരു

ക്കുടുംബത്തിൽ പ്രശോഭിച്ചിരുന്ന/എളിമയും ലാളി ത്യവും/ഞങ്ങളുടെ ജീവിതത്തിലും/വളർത്തിയെടു ക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു. ആഡംബരഭ്രമവും സുഖലോലുപതയും/ഞങ്ങൾ ഉപേക്ഷിക്കുന്നു. മറ്റു ള്ളവരുടെ വേദനകളിൽ പങ്കുചേരുവാനും/അവ രുടെ ഇല്ലായ്മകളിൽ സഹായിക്കാനുമുള്ള/സന്മന സ്സും ഹൃദയവിശാലതയും/ഞങ്ങൾക്ക് നല്കണമെ.

ഞങ്ങളുടെ തെറ്റായ സംസാരവും/ മോശ മായ പെരുമാറ്റവും വഴി/മറ്റുള്ളവരെ തിന്മയിലേയ്ക്ക് നയിച്ചതിനും/അവരുടെ കുടുംബങ്ങൾ തകരാനിട യാക്കിയതിനും/ ഞങ്ങൾ മാപ്പപേക്ഷിക്കുന്നു. സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായി/ ജീവിക്കേണ്ടവരാണെന്ന ബോദ്ധ്യത്തിൽ/ തിരുക്കു ടുംബത്തിന്റെ മാതൃക അനുദിനം പിഞ്ചെല്ലുവാൻ/ ഈശോ മറിയം യൗസേപ്പേ, ഞങ്ങളെ സഹായിക്ക ണമേ. ആമേൻ.

**കാർമ്മി** : നമുക്കെല്ലാവർക്കും പരസ്പരസ്നേഹ ത്തോടും ഐക്യത്തോടുംകൂടി ഈശോ മറിയം യൗസേപ്പേ, ഞങ്ങളുടെ പ്രാർ ത്ഥന കേൾക്കേണമേ എന്നപേക്ഷിക്കാം.

**സമൂ** : ഈശോ മറിയം യൗസേപ്പേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

**കാർമ്മി:** തിരുക്കുടുംബത്തിൽ വിളങ്ങിയിരുന്ന സ്നേഹവും ഐക്യവും പരസ്പരധാരണയും ഞങ്ങളുടെ കുടുംബങ്ങളിൽ ഉണ്ടാകുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** കുടുംബങ്ങൾ ശിഥിലമാക്കുന്ന സ്വാർത്ഥതാല്പര്യങ്ങളിൽ നിന്നും എല്ലാവിധ ആസക്തികളിൽനിന്നും ഞങ്ങളെ മോചിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** ജീവൻ ദൈവത്തിന്റെ അമൂല്യ ദാനമായി കരുതി അതിനെ പരിപോഷിപ്പിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** സാമ്പത്തിക പരാധീനത, കടബാദ്ധ്യത എന്നിവയാൽ ഞെരുങ്ങി വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ കാര്യങ്ങൾക്ക് മുടക്കം വരാതിരിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** വിശക്കുന്നവർക്ക് ആഹാരവും ദു:ഖിതർക്ക് ആശ്വാസവും രോഗികൾക്ക് സൗഖ്യവും പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടവും നല്കിയനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** അബ്രാഹത്തിനും സാറായ്ക്കും സഖറിയായ്ക്കും ഏലീശ്വായ്ക്കും എന്നതുപോലെ കുഞ്ഞുങ്ങളില്ലാതെ വിഷമിക്കുന്ന ദമ്പതികൾക്ക് മക്കളെ നല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** കഴിവും സന്നദ്ധതയുമുണ്ടായിട്ടും അർഹമായ ജോലി ലഭിക്കാതെ നിരാശയിൽ കഴിയുന്നവർക്ക് ജോലിയും സംരക്ഷണവും പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** പൈശാചിക ശക്തികളുടെ എല്ലാവിധ പ്രലോഭനങ്ങളിലും ആക്രമണങ്ങളിലും നിന്ന് ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും രക്ഷിക്കാനുതകുന്ന ഉറ

പ്പുള്ള കോട്ടയായിരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** ഞങ്ങളുടെ കുടുംബങ്ങളിൽനിന്നും ധാരാളം ദൈവവിളികൾ ഉണ്ടാകണമെന്നും യോഗ്യരായ ആത്മീയ ലൗകിക നേതാക്കളെ പ്രദാനം ചെയ്യണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** യുവജനങ്ങൾക്കും ബാലികാബാലന്മാർക്കും ശരിയായ ദിശാബോധം നൽകണമെന്നും ആത്മാർത്ഥതയിലും അർപ്പണ മനോഭാവത്തിലും അടിയുറച്ചു വളരുവാൻ വഴിതെളിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** ഞങ്ങളുടെ കുടുംബങ്ങളിൽനിന്നും പഠനത്തിനും ജോലിക്കാര്യങ്ങൾക്കും മറ്റുമായി വിദൂരങ്ങളിൽ വസിക്കുന്നവരെ എല്ലാവിധ ആപത്തുകളിൽനിന്നും കാത്തു രക്ഷിക്കണമെന്നും വിശ്വാസത്തിലും ഐശ്വര്യത്തിലും നിലനിർത്തണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** ഞങ്ങളുടെ വീടുകളിൽ കഴിയുന്ന വൃദ്ധ മാതാപിതാക്കൾക്കും ശയ്യാവലംബികളായ മറ്റുള്ളവർക്കും ആയുസ്സും ആരോഗ്യവും ആശ്വാസവും പകർന്നുനല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** ഞങ്ങളുടെ മരണസമയത്ത് ഞങ്ങ ൾക്ക് തുണയായിരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോ മറിയം യൗസേപ്പേ....

**കാർമ്മി:** നമുക്കെല്ലാവർക്കും മൗനമായി നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ തിരുക്കുടുംബസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം. (മൗനം)

## ആശീർവാദ പ്രാർത്ഥന

**കാർമ്മി** : സ്നേഹവും ശാന്തിയും നിറഞ്ഞ തിരുക്കുടുംബം നിങ്ങളുടെ കുടുംബങ്ങളെ സമാധാനപൂർണ്ണവും ഐശ്വര്യസമൃദ്ധവുമാക്കട്ടെ. നിങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന സകലവിധ രോഗങ്ങളിൽനിന്നും ശാരീരികവും മാനസികവുമായ അസ്വസ്ഥതകളിൽ നിന്നും ദൈവം നിങ്ങളെ വിമുക്തരാ

ക്കട്ടെ. ആവശ്യങ്ങളിൽ തുണയും ആപത്തുകളിൽ സംരക്ഷണവും നല്കുന്ന തിരുകുടുംബത്തിന്റെ അനുഗ്രഹം എന്നും നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേയ്ക്കും

**സമൂ** : ആമേൻ

## സമാപന ഗാനം

*(നിത്യവിശുദ്ധയാം ......... എന്ന രീതി)*

ഈശോയും മാതാവും യൗസേപ്പും ചേർന്നൊരു
ദിവ്യകുടുംബ മഹത്ത്വം
വാഴ്ത്തുക നമ്മൾക്കു മാതൃക കാട്ടുവാൻ
തമ്പുരാൻ കാണിച്ച മാർഗ്ഗം

കാറ്റിലും കോളിലും ജീവിത നൗകകൾ
ആടിയുലയുന്ന നേരം
ആശ്വാസതീരത്തണയ്ക്കുവാനെത്തുന്ന
തൃക്കുടുംബത്തിന്റെ ശക്തി (ഈശോയും....)

കൂരിരുൾ തിങ്ങിയ മാനസമെമ്പാടും
മുട്ടിയുഴലുന്ന നേരം
സൂര്യകിരണമായ് നേരേ നയിക്കുന്ന
ദിവ്യകുടുംബ ചരിത്രം (ഈശോയും....)



വി. യൗസേപ്പിതാവേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.



# നൊവേന സമയം

## ബുധനാഴ്ച

06.15 am - പരി.കുർബ്ബാന, നൊവേന
05.00 pm - പരി.കുർബ്ബാന, നൊവേന